സുപ്രഭാതം

14-06-2024

## ഗവേഷണ സഹകരണം

# സി.എം.എഫ്.ആർ.ഐ ഇൻകോയിസുമായി കൈകോർക്കുന്നു

**കൊച്ചി** ▸ സമുദ്രമത്സ്യ മേഖലയിൽ ഗവേഷണ സഹകരത്തിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവിസസുമായി (ഇൻകോയിസ്) ധാരണാപത്രം ഒപ്പുവെച്ചു.

മത്സ്യലഭ്യതയുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ഉപദേശം നൽകുന്നതിനുള്ള നിലവിലുള്ള സാങ്കേതികവിദ്യകൾ കൂടുതൽ മെച്ചപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മേഖലകളിലാണ് ഗവേഷണ സഹകരണം ലക്ഷ്യമിടുന്നത്.

ധാരണാപത്രത്തിൽ സി.എം.എഫ്.ആർ.ഐ ഡയരക്ടർ ഡോ. എ. ഗോപാലകൃഷ്ണനും ഇൻകോയ്സ് ഡയരക്ടർ ഡോ. ടി. ശ്രീനിവാസകുമാറും ഒപ്പുവച്ചു.

മത്സ്യബന്ധന സമുദ്രശാസ്ത്രം, സമുദ്ര പരിസ്ഥിതി ആഘാത പഠനം, റിമോട്ട് സെൻസിങ്, ജി.ഐ.എസ് ജൈവവൈവിധ്യം, മത്സ്യസമ്പത്തിന്റെ പരിപാലനം, സാമൂഹിക ബോധവൽകരണം തുടങ്ങിയ മേഖലകളിൽ സംയുക്ത പഠനത്തിനാണ് ധാരണയായത്. മത്സ്യലഭ്യതയെ കുറിച്ച്, മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ കൃത്യവും ഫലപ്രദവുമായ ഉപദേശങ്ങൾ നൽകുന്നതിന് നിലവിലുള്ള സാങ്കേതിക വിദ്യകൾ പരിഷ്കരിക്കാൻ സംയുക്ത സഹകരണം സഹായകരമാകും.

മത്സ്യബന്ധനസമുദ്ര പാരിസ്ഥിതിക വിവരങ്ങൾ ശേഖരിക്കുന്നതിന് സംയുക്ത പര്യവേക്ഷണ സർവേകൾ നടത്താനും ധാരണയുണ്ട്.

മത്സ്യസമ്പത്ത്, സമുദ്ര ആവാസവ്യവസ്ഥയുടെ മൊത്തത്തിലുള്ള ആരോഗ്യം എന്നിവ മനസിലാക്കുന്നതിന് ഡാറ്റ നിർണായകമാകും.